**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 306** **12-01-2021 - ൽ മറുപടിയ്ക്ക്**

**നെടുമങ്ങാട് മണ്ഡലത്തിലെ ആശുപത്രികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് മണ്ഡലത്തിലെ ആശുപത്രികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദവിവരം ലഭ്യമാക്കുമോ? | (എ) | നെടുമങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ കരകുളം, തോന്നയ്ക്കൽ എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ മാണിയ്ക്കൽ, വെമ്പായം എന്നി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം നടത്തുകയും ആയതിന്റെ ഉദ്ഘാടനം നടത്തുകയും ഉണ്ടായി. ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ എല്ലാ കേന്ദ്രങ്ങളിലും രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണിവരെ ഒ.പി പ്രവർത്തിക്കുന്നുണ്ട്. എല്ലാ കേന്ദ്രങ്ങളിലും സ്പെഷ്യാലിറ്റി സേവനങ്ങളായ ശ്വാസ്, ആശ്വാസ് എന്നിവയുടെ സേവനങ്ങൾ ലഭ്യമാണ്. നയനാമൃതം പദ്ധതി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങൾ ഇ–ഹെൽത്ത് സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനോടനുബന്ധിച്ച് ടോക്കൺ സിസ്റ്റം അഡ്വാൻസ് ബുക്കിംഗ് എന്നിവയും ലഭ്യമാണ്. 60 വയസ്സ് കഴിഞ്ഞവർക്ക് പ്രത്യേക കൗണ്ടറും പ്രവർത്തിക്കുന്നു. നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന സ്ഥാപനങ്ങളിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 1) എഫ്. എച്ച്.സി. കരകുളം - ഒരു ഡോക്ടർ, ഒരു ഫാർമസിസ്റ്റ് , ഒരു ലാബ് ടെക്നീഷ്യൻ. 2) എഫ്.എച്ച്.സി തോന്നയ്ക്കൽ - - ഒരു ഡോക്ടർ, ഒരു ഫാർമസിസ്റ്റ് , രണ്ട് സ്റ്റാഫ് നഴ്സ് , ഒരു ലാബ് ടെക്നീഷ്യൻ. 3) എഫ്. എച്ച്. സി വെമ്പായം - - ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നഴ്സ് 4) എഫ്. എച്ച്. സി മാണിയ്ക്കൽ - ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നഴ്സ്, , ഒരു |

| | | | |
|---|---|---|---|
| | | | ലാബ് ടെക്നീഷ്യൻ. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ നടന്ന നവീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. 1. 4 ബോഡി മോർച്ചറി ഫ്രീസർ സ്ഥാപിച്ചു. 2. പവർ ലോൺട്രി സ്ഥാപിച്ചു. 3. ഫർണിച്ചർ പത്ത് ലക്ഷം രൂപയ്ക്ക് വാങ്ങി. 4. ഡിജിറ്റൽ എക്സ്റേ സംവിധാനം 5. ഇൻവർട്ടർ സ്ഥാപിച്ചു. 6. ഓപ്പറേഷൻ തീയറ്റർ നവീകരണം 7. ലാബിലേയ്ക്ക് ബയോ കെമിക്കൽ അനലൈസർ, ഹെമറ്റോളജി അനലൈസർ എന്നിവ വാങ്ങി. 8. ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു. 9. ഡയാലിസിസ് കേന്ദ്രം (കിഫ്ബി വഴി സ്ഥാപിക്കപ്പെട്ട 9 ഡയാലിസിസ് മെഷീനുകളും, മൊബൈൽ ഡയാലിസിസ് യൂണിറ്റ് വാഹനത്തിൽ നിന്നും മാറ്റി സ്ഥാപിച്ച രണ്ട് മെഷീനുകളും ചേർന്ന യൂണിറ്റ്) |

സെക്ഷൻ ഓഫീസർ